10. സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പദ്ധതി.
11. ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനുള്ള മൈത്രി പദ്ധതി.
12. വൃദ്ധജനങ്ങൾക്കുള്ള ശാന്തിഭവൻ.
13. മോഡൽ വില്ലേജ്/ടൂറിസം കോട്ടേജ് തുടങ്ങിയ പദ്ധതി.
14. ഉപഗ്രഹ നഗര പദ്ധതി.

(ബി) ഭവന നിർമ്മാണ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ

1. സംസ്ഥാന ഭവന നിർമ്മാണ വകുപ്പ്
2. പട്ടികജാതി വികസന വകുപ്പ്
3. പട്ടികവർഗ്ഗ വികസന വകുപ്പ്
4. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
5. ഹൗസിംഗ് ഫെഡറേഷൻ
6. അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക്
7. എച്ച്.ഡി.എഫ്.സി., എൽ.ഐ.സി., ജി,ഐ.സി., ഇൻഡ് ബാങ്ക്, കാൻഫിൻ ഹോം മുതലായവയാണ്.

(സി) സംസ്ഥാനത്ത് വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് അവരുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാന ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ ഹൗസിംഗ് കമ്മിഷണറുടെ നേതൃത്വത്തിൽ ഹൗസിംഗ് കമ്മിഷണറേറ്റ് ഇപ്പോൾത്തന്നെ നിലവിലുണ്ട്.

90 (1634) തൊഴിലാളികൾക്ക് ഭവന പദ്ധതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി, കയർ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും പുതിയ ഭവന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനാവശ്യമായ ധനം എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കയർമേഖലയിൽ ഹഡ്കോയുടെ സഹായത്തോടെ തൊഴിലാളികൾക്ക് ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് ആലോചിച്ചുവരുന്നു. കശുവണ്ടി മേഖലയിൽ പ്രത്യേകമായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് ഡയറക്ടറേറ്റ് മുഖേന ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ നടപ്പ് സാമ്പത്തികവർഷം പത്താം ധനകാര്യ കമ്മീഷൻ 170.45 ലക്ഷം രൂപയും നാഷണൽ ഫിഷർമെൻ വെൽഫെയർ ഫണ്ട് വിഹിതമായ 135.10 ലക്ഷം രൂപയും വിനിയോഗിച്ച് 900 വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പദ്ധതി ഇപ്പോൾ നിലവിലുള്ളതാണ്.

91 (1635) ലവൽക്രോസ് നിർമ്മിക്കുന്നതിന് റെയിൽവേയ്ക്ക് നൽകാനുള്ള തുക

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയങ്ങാടി പുതിയാപ്പ റയിൽവേ ലവൽ ക്രോസ് നിർമ്മാണത്തിനായി ഇനി എത്ര രൂപ റെയിൽവേയ്ക്ക് നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക നൽകുന്നതിന് സർക്കാരിന്റെ അനുമതി പൊതുമരാമത്ത് വകുപ്പിന് എന്നാണ് ലഭിച്ചതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തുക റെയിൽവേയ്ക്ക് എന്നാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) നൽകിയിട്ടില്ലെങ്കിൽ എന്തു കാരണത്താലാണെന്ന് കാര്യം വിശദമാക്കുമോ;

(ഇ) ഈ തുക എന്ന് റെയിൽവേയ്ക്ക് നൽകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1994-ലെ ഉത്തരവനുസരിച്ച് 5,86,960 രൂപ നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് ഇനി 9,64,580 രൂപ കൂടി നൽകേണ്ടതുണ്ട്.

(ബി) 31.3.99-ാം തീയതിയിലെ സ.ഉ.(സാ.) നം.310/99/പൊ.മ.വ. പ്രകാരം 15,51,540 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകിയത് 7.4.99-ൽ പൊതുമരാമത്ത് വകുപ്പിന് ലഭിച്ചു.

(സി) നൽകിയിട്ടില്ല,

(ഡി)&(ഇ) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പണിക്ക് വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം ചീഫ് എഞ്ചിനീയർക്ക് അലോട്ട് ചെയ്ത് കിട്ടിയാലുടൻ റെയിൽവേയ്ക്ക് നൽകുന്നതാണ്.

92 (1636) കൊയറൈസ്ഡ് റോഡുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കയറിനെ ആശ്രയിച്ചുള്ള റോഡ് നിർമ്മാണ സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly